# അകത്താര് പുറത്താര്

ഫാ. ജോസഫ് ഇലഞ്ഞിമറ്റം

**കൈത്താക്കാലം രണ്ടാംഞായർ** ലൂക്കാ 15 : 11-32

**സു**വിശേഷത്തിലെ സുവിശേഷം എന്നറിയപ്പെടുന്ന ഈ വചനഭാഗത്തെ സാഹിത്യലോകം വാഴ്ത്തുന്നത് ചരിത്രത്തിലെ ഏറ്റവും മികച്ച ചെറുകഥയായാണ്. ഇളയവരോടു പക്ഷം ചേരുന്ന കാര്യത്തിൽ പഴയനിയമത്തിന്റെ ട്രെൻഡ് തുടരുന്ന ഉപമ ദൈവത്തെപ്പറ്റിയുള്ള കാഴ്ചപ്പാടിന്റെ കാര്യത്തിൽ ട്രെൻഡ് സെറ്ററാവുന്നു.സുഖങ്ങൾ തേടുന്ന ആധുനികമനുഷ്യൻ ചെന്നുപറ്റുന്ന ദുരവസ്ഥയാണ് ഈ സുവിശേഷഭാഗത്തെ പ്രധാന പ്രമേയങ്ങളിലൊന്ന്. സന്തോഷം അന്വേഷിച്ചുള്ള യാത്രകൾ അവന്റെ സർവ്വതും നഷ്ടപ്പെടുത്തി, അവനെ മൃഗതുല്യനാക്കി. സന്തോഷത്തിനായി അവൻ കുടുംബത്തെയും പിതാവിനേയുംകാൾ വിലമതിച്ചതു സമ്പത്തിനെയും സുഹൃത്തുക്കളെയും. അവിടെ അവന് ആദ്യം പിഴച്ചു. നമ്മുടെ പുതുതലമുറയ്ക്കും ഇതേ പിഴവു പറ്റാറുണ്ട്. വീടിനേക്കാളധികം ക്ലബുകളെയും ദേവാലയത്തേക്കാളധികം തീയേറ്ററുകളെയും സ്നേഹിച്ചുതുടങ്ങുന്നത് അവൻ പുത്രനിൽനിന്നു ധൂർത്തനിലേക്കു പരിണമിക്കുന്നതിന്റെ സൂചനകളാണ്. ജീവിതത്തിലെ ദുരവസ്ഥ മറികടക്കാൻ അവൻ അശുദ്ധവും നിഷിദ്ധവുമായതെല്ലാം ചെയ്യാൻ തയ്യാറാകുന്നിടത്തു പുത്രൻ പിന്നെയും പിഴയ്ക്കുന്നു. ജീവിതത്തിലൊരു പ്രശ്നമുണ്ടാകുമ്പോൾ ആശ്രയിക്കേണ്ടതു പന്നിക്കച്ചവടക്കാരനെയല്ല, പിതാവിനെയായിരുന്നു എന്ന വിവേകം വൈകിയാണുവന്നുദിച്ചത്. ജീവിതപ്രശ്നങ്ങളുടെ നടുവിൽ മദ്യത്തിലും തെറ്റായ ബന്ധങ്ങളിലും ആശ്രയിക്കുന്നവർക്കു പന്നിക്കുഴിയിൽ കിടക്കാം എന്നതാണു ഗുണപാഠം.

അതിലും ഗൗരവത്തിൽ പരിഗണിക്കേണ്ടുന്ന ഒന്നാണു മനുഷ്യന്റെ പാപങ്ങൾ പ്രകൃതിക്കു വരുത്തുന്ന ദുരവസ്ഥ. ധൂർത്തിന്റെ സാന്നിദ്ധ്യം ഒരു നാടിനു വരുത്തിയ ക്ഷാമം. ''നമ്മുടെ ദൈവമായ കർത്താവിനെ നമുക്കു ഭയപ്പെടാം. അവിടന്നു യഥാകാലം മഴപെയ്യിക്കുന്നു; ശരത്കാലവർഷവും വസന്തകാലവർഷവും അവിടന്നു നല്കുന്നു. വിളവെടുപ്പിനുള്ള ആഴ്ചകൾ തെറ്റാതെ നമുക്കു നിയോഗിച്ചുതരുന്നു എന്ന് അവൻ കരുതിയില്ല. നിങ്ങളുടെ ദുഷ്കൃത്യങ്ങൾ ഇവയെല്ലാം നിങ്ങൾക്കു നഷ്ടപ്പെടുത്തി. നിങ്ങളുടെ പാപങ്ങൾ ഈ നന്മയെല്ലാം നിങ്ങളിൽനിന്നും അകറ്റിയിരിക്കുന്നു.'' (ജറെ. 5:24). സ്വജീവിതവും നാടും നീറിനീറി അങ്ങേയറ്റമെത്തുമ്പോൾ പാപം ചെയ്തു തഴമ്പിച്ച പലർക്കുമുണ്ടാകാത്തൊരു ബോധ്യം

അവനുണ്ടാകുന്നു. ജീവിതത്തിൽ തകർച്ച അടിക്കടി ഉണ്ടാകുമ്പോൾ ഓർക്കേണ്ടുന്ന ഒന്നല്ലേ ഞാനുണ്ണുന്നതു പാപത്തിന്റെ തവിടാണെന്ന്? വഴിതെറ്റിയ നമ്മുടെ മക്കളിൽനിന്നും വ്യത്യസ്തമായി ധൂർത്തപുത്രനു ഭയപ്പെടാതെ കയറിച്ചെല്ലാനും മാത്രം നല്ല സ്മരണകൾ വീട് അവനു നല്കിയിട്ടുണ്ടായിരുന്നു. വീടുവിട്ട നിമിഷം മുതൽ പിതൃസ്നേഹം അവനെ മടക്കിവിളിക്കുന്നുണ്ടായിരുന്നു. അവസാനം അവനതിന് 'യെസ്' പറഞ്ഞു. യഹൂദനിയമപ്രകാരം ഒരുവനു ധിക്കാരിയായ മകനുണ്ടെങ്കിൽ അയാൾ പട്ടണവാതിൽക്കൽ ശ്രേഷ്ഠന്മാരുടെ പക്കൽ അവനെ കൊണ്ടുചെന്നിട്ടു പറയണം. ഞങ്ങളുടെ ഈ മകൻ ദുർവാശിക്കാരനും ധിക്കാരിയുമാണ്. അവൻ ഞങ്ങളെ അനുസരിക്കുന്നില്ല. ഭോജനപ്രിയനും മദ്യപനുമാണ്. അപ്പോൾ പട്ടണവാസികൾ അവനെ കല്ലെറിഞ്ഞുകൊല്ലണം. അങ്ങനെ ആ തിന്മ നിങ്ങളുടെ ഇടയിൽനിന്നു നീക്കിക്കളയണം.'' (നിയമാ. 21; 18-21). ഇപ്രകാരം ചെയ്യാൻ അവകാശമുണ്ടായിരുന്ന പിതാവാണ് ആ മകൻ മടങ്ങിവരുവോളം വാതില്ക്കൽ കാത്തിരുന്നതും ദൂരെ കണ്ടയുടനെ ഓടിച്ചെന്നു കെട്ടിപ്പിടിച്ചു ചേർത്തുപിടിക്കുന്നതും. എനിക്കു വഴിതെറ്റിപ്പോയി; ഇപ്പോൾ ഞാൻ അനുതപിക്കുന്നു എന്നു തെറ്റു മനസ്സിലാക്കി മാറത്തടിച്ചു കരഞ്ഞ എഫ്രായിമിനെപ്പറ്റി 'എഫ്രായിം എന്റെ വത്സലപുത്രനല്ലേ; എന്റെ ഓമനക്കുട്ടൻ, അവനു വിരോധമായി പെരുമാറുമ്പോഴെല്ലാം അവന്റെ സ്മരണ എന്നിലുദിക്കുന്നു. എന്റെ ഹൃദയം അവനു വേണ്ടി തുടിക്കുന്നു; എനിക്ക് അവനോട് നിസ്സീമമായ കരുണ തോന്നുന്നു' എന്നാണ് കർത്താവ് അരുൾ ചെയ്യുന്നത്(ജറെ. 31:20). യഹൂദസങ്കല്പത്തിലെ പാപത്തിനു തലമുറകളെ പിന്തുടർന്നു ശപിച്ചു നിഗ്രഹിക്കുന്നവനല്ല, പാപി മടങ്ങിവരുവോളം കാത്തിരിക്കുന്ന പിതാവാണു ദൈവമെന്ന് ഇവിടെ ഈശോ പഠിപ്പിക്കുന്നു. ഇളയവന്റെ മാനസാന്തരചരിത്രത്തിൽ ഉപമയവസാനിച്ചെന്നു കരുതിയിരിക്കുമെങ്കിലും യഥാർത്ഥത്തിൽ ഈശോ രണ്ടാംഭാഗത്തിനാണ് ഊന്നൽ നല്കി പറഞ്ഞത്. കാരണം ഈശോ പാപികളോടൊത്തു ഭക്ഷണം കഴിച്ചതിനെ വിമർശിച്ച ഫരിസേയരും മറ്റും കേൾക്കാൻ പറഞ്ഞ ഉപമയാണിത്. മൂത്തവനാണ് അമ്മയില്ലാത്ത ആ വീട്ടിൽ ഒരു ധൂർത്തപുത്രനെ സൃഷ്ടിച്ചത് എന്നു വേണം കരുതാൻ. അല്ലെങ്കിൽ ഇത്ര സ്നേഹധനനായ പിതാവിനെ എങ്ങനെ ഒരുവൻ വിട്ടുപേക്ഷിക്കും? നിരന്തരമായ കുറ്റപ്പെടുത്തലും പരിഹാസവുമാവാം അവൻ വീടുപേക്ഷിക്കാൻ കാരണം. അവൻ ചെയ്ത തെറ്റുകൾ മൂന്നാണ്. ആദ്യമായി പിതൃസ്നേഹം മനസ്സിലാക്കാതെ അവൻ സ്വയം ദാസന്റെ തലത്തിലേക്കു താഴുന്നു. രണ്ടാമത് സ്വന്തം സഹോദരനെ അന്യനായി കണ്ടു വെറുത്തു. മൂന്നാമതായി എല്ലാമുണ്ടായിട്ടും ഒന്നുമില്ലാത്തവനെപ്പോലെ ജീവിതം പരാതിപ്പെട്ടിയാക്കി. അവിടെ പിതൃസ്നേഹം തിരുത്തുന്ന സ്നേഹമാകുന്നു. പാപിയായ സഹോദരനെ ഉൾക്കൊള്ളാൻ കഴിയാത്ത പരമ്പരാഗത വിശ്വാസികളായ നമ്മുടെ മനോഭാവത്തിനു നേരേ ഈശോ മുനവയ്ക്കുകയാണിവിടെ.

രണ്ടുമക്കളും പിതൃസ്നേഹത്തെ ധിക്കരിച്ചവരാണ്. ഒരുവൻ ആസക്തികളാൽ ഭവനം നഷ്ടപ്പെടുത്തി. അപരൻ അഹങ്കാരത്താലും. വീടിനു പുറത്തുനില്ക്കുമ്പോഴും വീടെന്ന നൊസ്റ്റാൾജിയ പേറുന്ന ഇളയവനും വീട്ടിനുള്ളിൽ നില്ക്കുമ്പോഴും വീടെന്ന നരകം ഉള്ളിൽപേറുന്ന മൂത്തവനും. എല്ലാം സ്വന്തമായുണ്ടായിട്ടും അന്യനെപ്പോലെ പെരുമാറുന്ന മൂത്തവനും എല്ലാം നഷ്ടപ്പെട്ടിട്ടും സ്വന്തമെന്നപോലെ പെരുമാറുന്ന ധൂർത്തനും വ്യത്യസ്ത ധ്രുവങ്ങളിലാണ്.

കാണാതായ ആടിന്റെയും നാണയത്തിന്റെയും ഉപമയുടെ അവസാനം സന്ദേശം പറയുന്ന ഈശോ ഈ ഉപമയുടെ അവസാനം പറയാതെ പറഞ്ഞത് ഇതാണ്: അല്ലയോ, ഫരിസേയനിയമജ്ഞപ്രഭൃതികളേ, നിങ്ങൾ കരുതും പോലെ ദൈവം മനുഷ്യനെ നിയമത്തിന്റെ നൂൽപ്പാലത്തിലൂടെ നടത്തുന്ന പട്ടാളമേധാവിയല്ല, നഷ്ടപ്പെട്ടതിനെ ഉറങ്ങാതെ കാത്തിരുന്ന് അതിനെ ചേർത്തുപിടിക്കുന്ന പിതാവാണ്. ഈശോ ഉപമ ഉപസംഹരിക്കുമ്പോൾ ചുങ്കക്കാരും പാപികളും വീടിനകത്തും ഫരിസേയരും നിയമജ്ഞരും വീടിനു പുറത്തും. ഇനി രണ്ടു സാധ്യതകളാണ് മൂത്തവനുള്ളത്. സഹോദരനുമായി രമ്യപ്പെട്ടു വീടിനെ കുടുംബമാക്കാം; അല്ലെങ്കിൽ സഹോദരൻ വലിച്ചെറിഞ്ഞ ധൂർത്തന്റെ കുപ്പായമെടുത്തണിഞ്ഞ് ദൂരദേശത്തേക്കു ഭാണ്ഡം മുറുക്കി ഇറങ്ങാം. തീരുമാനം വൈകിക്കേണ്ട..

SMCC-VACHANAVEDI http://www.syromalabarcatechesis.org

# തകരുന്ന ഹൃദയവും വീണ്ടെടുക്കുന്ന സ്വരവും

ഡോ. മാണി പുതിയിടം

**ദൈവത്തോടടുക്കാൻഭയമോ?** (നിയമ.4:32-40) തന്നിൽത്തന്നെ ശ്രദ്ധ കേന്ദ്രീകരിക്കുന്നവൻ ദൈവം ആരെന്നറിയുവാൻ വിഷമിക്കും. സ്വന്തം കുറവുകളും തെറ്റുകളും കുറ്റങ്ങളും അവനെ സദാ തുറിച്ചുനോക്കിക്കൊണ്ടിരിക്കും. കുറ്റബോധത്തിന്റെ ഭാരത്താൽ മനസ്സു തളർന്ന് കുറുക്കുവഴികളിലേക്കു പ്രലോഭിക്കപ്പെടും.വിഷമമകറ്റാൻ വഴിവിട്ടരീതിയിൽ യാത്രതുടരുകയും ചെയ്യും. ദൈവവും ദൈവികചിന്തയും തനിക്കു പറ്റിയതല്ലെന്ന ചിന്തയാവാം കുറ്റവാളിക്ക്. പോലീസിനെ ഭയപ്പെടുന്ന കുറ്റവാളിയെപ്പോലെ ദൈവത്തെയും കാണാനിടയാവാം. ദൈവം

അങ്ങനെയുള്ളവനു സ്വാതന്ത്ര്യത്തിന്റെ വിലങ്ങുതടിയാവും. ദൈവം മാത്രമല്ല, ദൈവിക കാര്യങ്ങളോടു ബന്ധപ്പെട്ട വ്യക്തികളും വസ്തുക്കളുമെല്ലാം അരോചകവിഷയങ്ങളാകും. വിശ്വാസത്തെയും മതത്തെയും മതാചാര്യന്മാരെയും ദുഷിച്ചുപറയുന്നതിൽ ഇങ്ങനെയൊരു മനശ്ശാസ്ത്രം കൂടി കടന്നുവരാം.

എന്നാൽ തന്നെ ഏറ്റവും സ്നേഹിക്കുന്നതു ദൈവം മാത്രമാണെന്ന ചിന്തയിൽ തന്നെക്കാൾ ദൈവത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നവന്റെ മനോഭാവം വ്യത്യസ്തമായിരിക്കും. പാപഭാരം ഇറക്കിവച്ചു മോചനം പ്രാപിച്ച് മനസ്സമാധാനം സിദ്ധിക്കുവാനുള്ള അഭയകേന്ദ്രമാവും അപ്പോൾ ദൈവവും ദൈവികസാന്നിദ്ധ്യവും. മരവിച്ച മനസ്സിനെ ഉണർത്തുന്ന ചാലകശക്തിയായി ദൈവികകാര്യങ്ങൾ അനുഭവപ്പെടും. ആരെല്ലാം ഉപേക്ഷിച്ചാലും ദൈവം ഉപേക്ഷിക്കുകയില്ലെന്ന ചിന്ത അയാളെ ഭരിക്കും. എത്ര വലിയ പ്രതിസന്ധിയിലും ആത്യന്തികമായി ദൈവത്തിൽ ആശ്രയിച്ചു ശക്തിപ്രാപിക്കുകയും ചെയ്യും.വെളിപാടിന്റെ ദൈവം തന്റെ മക്കളെ സ്നേഹിക്കുന്ന ദൈവമാണെന്ന് അനുഭവത്തിലൂടെ വെളിപ്പെടുത്തി. “നിങ്ങളുടെ ദൈവമായ കർത്താവ് ഈജിപ്തിൽവച്ച് നിങ്ങൾ കാൺകെ നിങ്ങൾക്കുവേണ്ടി ചെയ്തതുപോലെ മഹാമാരികൾ, അടയാളങ്ങൾ, അദ്ഭുതങ്ങൾ, യുദ്ധങ്ങൾ, കരബലം, ശക്തിപ്രകടനം, ഭയാനകപ്രവൃത്തികൾ എന്നിവയാൽ തനിക്കായി ഒരു ജനതയെ മറ്റൊരു ജനതയുടെ മധ്യത്തിൽനിന്നു തിരഞ്ഞെടുക്കാൻ ഏതെങ്കിലും ദൈവം എന്നെങ്കിലും ശ്രമിച്ചിട്ടുണ്ടോ? അവിടുന്ന് നിങ്ങളുടെ പിതാക്കന്മാരെ സ്നേഹിച്ചതുകൊണ്ട് അവർക്കുശേഷം അവരുടെ സന്താനങ്ങളെ തിരഞ്ഞെടുത്തു. മുകളിൽ സ്വർഗ്ഗത്തിലും താഴെ ഭൂമിയിലും കർത്താവല്ലാതെ മറ്റൊരു ദൈവമില്ലെന്നു ഗ്രഹിച്ച് അതു ഹൃദയത്തിൽ ഉറപ്പിക്കുവിൻ. ആകയാൽ നിങ്ങൾക്കും നിങ്ങളുടെ സന്തതികൾക്കും നന്മയുണ്ടാകാനും ദൈവമായ കർത്താവു നിങ്ങൾക്കു ശാശ്വതമായി തരുന്ന ദേശത്ത് ദീർഘകാലം വസിക്കാനുംവേണ്ടി കർത്താവിന്റെ ചട്ടങ്ങളും പ്രമാണങ്ങളും പാലിക്കുവിൻ എന്നു ഞാൻ നിങ്ങളോടു കല്പിക്കുന്നു” (നിയമാ 4:34-40).ദുർമാർഗ്ഗത്തിനു ശിക്ഷ, സഹിക്കുന്നവർക്കു രക്ഷ (ഏശ 3:16-4,6)

അഹങ്കാരം അതിരുവിട്ടാൽ മനുഷ്യൻ ചെന്നെത്തുന്നിടത്തിനു പരിധിയില്ല. അധഃപതിക്കാവുന്നതിന് അതിർത്തിയുമില്ല. സുഖലോലുപതയും ആഡംബരവും കൂടുമ്പോൾ ദൈവഭയവും മനുഷ്യസ്നേഹവും പമ്പകടക്കും. ആധുനിക സംസ്കാരവും ഇതിൽനിന്നു വിഭിന്നമല്ല, ഈ പ്രവണത മനുഷ്യാരംഭം തൊട്ട് ഉണ്ടുതാനും. സുഖപ്രിയനു മൂല്യങ്ങൾ പ്രശ്നങ്ങൾ. കുടുംബം വലിയ കാര്യവുമല്ല. ഭക്ഷണവും പാനീയവും വൈകാരികതയുമായാൽ എല്ലാമായി. ആവശ്യത്തിലധികം പണമായാൽ ചെലവഴിക്കുന്ന രീതിയും ഭയങ്കരം. വീടുകളെക്കാൾ ക്ലബ്ബുകൾക്കു പ്രിയമേറും. ബന്ധങ്ങളെക്കാൾ താത്കാലികസുഖത്തിന്

പ്രാമുഖ്യമാകും. ആരും ആരുടെയും കൂടെപ്പോവാൻ മടികാട്ടുകയില്ല. ഇതു പൊതുസംസ്കാരമായാൽ ശിക്ഷ ആസന്നം. ഇസ്രായേലിൽ ഇതു സംഭവിക്കുന്നതിനു മുമ്പ് പ്രവാചകൻ മുന്നറിയിപ്പു നൽകി (ഏശയ്യാ 3:16-26 വായിക്കുക). യുദ്ധത്തിനു മുമ്പുണ്ടായിരുന്ന ഇസ്രായേൽ സ്ത്രീകളുടെ പങ്ക് യുദ്ധത്തിലൂടെ തകർത്തതിന്റെ ചരിത്രമാണിതെങ്കിൽ സഹനത്തിൽ പിടിച്ചു നിൽക്കുന്ന ഒരു അവശിഷ്ട വിഭാഗത്തിലൂടെ രക്ഷ കടന്നുവരും. യുദ്ധത്തിൽ പിടിക്കപ്പെട്ട് അപമാനിക്കപ്പെട്ടവർ നിരവധിയെങ്കിൽ ഒരുവിഭാഗം സംരക്ഷിക്കപ്പെടും.

"സീയോനിൽ- ജറൂസലേമിൽ - അവശേഷിക്കുന്നവർ, ജീവിക്കാനുള്ളവരുടെ കൂട്ടത്തിൽ എണ്ണപ്പെടുന്ന ജറൂസലേം നിവാസികൾ, വിശുദ്ധർ എന്നു വിളിക്കപ്പെടും... ഇപ്പോൾ സീയോൻ പർവ്വതത്തിൽനിന്നും അവിടെ സമ്മേളിക്കുന്നവർക്കു മുകളിൽ പകൽ മേഘവും രാത്രി പുകയും ജ്വലിക്കുന്ന അഗ്നിയുടെ ദീപ്തിയും കർത്താവ് സ്ഥാപിക്കും. കർത്താവിന്റെ മഹത്ത്വം എല്ലാറ്റിനും മുകളിൽ ഒരു വിതാനവും കൂടാരവുമായി നിലകൊള്ളും. അതു പകൽ തണൽ നല്കും. കൊടുങ്കാറ്റിലും മഴയിലും അത് അഭയമായിരിക്കും"(ഏശ4:3-6).കർത്താവ് ആത്മാവാണ്. (2കോറി3:4-18) കർത്താവിനെ അന്വേഷിച്ചു മറ്റെങ്ങും തപ്പിത്തടയേണ്ട. അവിടുന്ന് ആത്മാവായി ഹൃദയത്തിൽ സ്ഥാനം പിടിച്ചിരിക്കുന്നു. ആത്മനാഥൻ, ആത്മാവായ കർത്താവാണ്. ദൈവപിതാവിന്റെ സ്നേഹമാണു പുത്രനെ മനുഷ്യനാക്കാൻ പ്രേരിപ്പിച്ചതും. പുത്രനിൽ പിതാവും സന്നിഹിതൻ.അതിനാൽ പുത്രനിലൂടെ പിതാവും ഹൃദയത്തിൽ സന്നിഹിത നാണ്.ഹൃദയത്തിന്റെ ദൈവസാന്നിദ്ധ്യം തിരിച്ചറിയുന്ന തലമാണ് ആരാധന. ബലിപീഠവുമെല്ലാം ഈ അനുഭവത്തെ ജ്വലിപ്പിക്കുന്നു. ദൈവത്തിന്റെ വചനം ആത്മാവിൽ പ്രകാശമേകുന്നു. ആത്മാവിന്റെ പുതിയ ഉടമ്പടിയുടെ മക്കൾ ഭയത്തിനടിമയാകാൻ പാടില്ല. മാമ്മോദീസായിലൂടെ മുദ്രിതമാക്കപ്പെട്ടവർ ആത്മാവായ കർത്താവിന്റെ സ്വരം കേട്ടാണ് ജീവിക്കേണ്ടത്. അതിനനുസരിച്ച് ഒരുവൻ മഹത്ത്വത്തിലേക്ക് രൂപാന്തരപ്പെടുകയും ചെയ്യുന്നു. "ആത്മാവു ജീവിക്കുന്നു, കല്പലകയിൽ എഴുതപ്പെട്ട മരണത്തിന്റെ നിയമം തേജസ്സിലാണു നല്കപ്പെട്ടത്... അങ്ങനെയെങ്കിൽ ആത്മാവിന്റെ ശുശ്രൂഷ എത്രയേറെ തേജസ്സുറ്റതായിരിക്കും!... കർത്താവ് ആത്മാവാണ്. കർത്താവിന്റെ ആത്മാവുള്ളിടത്ത് സ്വാതന്ത്ര്യവുമുണ്ട്" (2കോറി3:6-16). തകരുന്ന ഹൃദയവും വീണ്ടെടുക്കുന്ന സ്വരവും. (ലൂക്കാ15:11-32)സാഹചര്യങ്ങളാണു മനുഷ്യനെ വഴിതെറ്റിക്കുന്നതും വഴി നടത്തുന്നതും. കൂട്ടുകാർ കൊണ്ടുപോകുന്നതു തെറ്റിലേക്കാണെന്ന് അറിയാം. എങ്കിലും തിരിച്ചുപോരാൻ മനക്കരുത്തില്ല. ചെയ്യുന്നതു വഴിവിട്ടതാണെന്നറിയാം. എങ്കിലും പിന്നാക്കം പോരാൻ നിവൃത്തിയില്ല. തലയ്ക്കും മനസ്സിനും മത്തുപിടിച്ചപ്പോൾ ഒഴുകിപ്പോയത് ഒരു ജീവിതത്തിന്റെ മുഴുവൻ സമ്പാദ്യവും. ഉള്ളു കാലിയായപ്പോൾ കൂട്ടുകാരും

പോയി. വലിച്ചെറിഞ്ഞ കറിവേപ്പിലപോലെ കുപ്പയിൽ എത്തിയത് ഏറെ പെട്ടെന്ന്. ബന്ധങ്ങൾ തകർന്നു, സ്ഥാനവും പോയി, പേരും പോയി, തകർന്ന ഹൃദയത്തിന്റെ തേങ്ങൽ മാത്രം മിച്ചം. ഉള്ളു തകരുന്ന നിമിഷങ്ങളിൽ ദൈവത്തിന്റെ സ്വരം: എല്ലാം, നഷ്ടപ്പെട്ടിട്ടില്ല. ആത്മാവിനു തിരിച്ചുപോരാൻ കഴിയും. കാത്തിരിക്കുന്ന ആത്മനാഥൻ വാരിപ്പുണരാൻ വെമ്പിനിൽക്കുന്നു. ആത്മസ്വരം കേട്ടു പ്രത്യാശയിലേക്കു തിരിഞ്ഞപ്പോൾ പുതിയൊരു ലോകം.മുടിയനായ പുത്രനും സ്നേഹത്തിൽ ധൂർത്തനായ പിതാവും എന്നുമെന്നും ജീവിക്കുന്ന യാഥാർത്ഥ്യം. തകർച്ചയുടെ നീർക്കയത്തിൽ ആത്മാവിന്റെ പിടിവിടാതെ കരയ്ക്കു കയറുവാൻ പരസ്പരസഹായം അത്യന്താപേക്ഷിതം. ക്രിസ്തീയ സമൂഹത്തിലൂടെ പിതാവിന്റെ സ്വരം ധൂർത്തൻ കേൾക്കുവാൻ ഇടയാകണം

SMCC-VACHANAVEDI http://www.syromalabarcatechesis.org

## സന്തോഷമുണ്ടാക്കുന്ന ആടുകളോ?

ഡോ. തോമസ് പാറയ്ക്കൽ

**ആ**കാശത്തുനിന്ന് പെയ്തിറങ്ങുന്ന ജലമെല്ലാം കടലിലേക്കു കുതിക്കുന്നു. സാഗരം തന്റെ തിരമാലകൈകളുയർത്തി തന്നിലെത്തുന്ന വെള്ളമെല്ലാം തന്നിൽ ലയിപ്പിക്കുന്നു. കരുണയുടെ വറ്റാത്ത കടലായ ഈശോയിലേക്ക് പാപികളും ചുങ്കക്കാരും ഓടിയണയുന്നിടത്താണ് ലൂക്കാ യുടെ 15-ാം അദ്ധ്യായം ആരംഭിക്കുന്നത്. 'ചുങ്കക്കാരും പാപികളുമെല്ലാം ഈശോയെ ശ്രവി ക്കാൻ അവിടുത്തെപ്പക്കൽ വന്നുകൊണ്ടിരുന്നു' (15:1). തങ്ങളെ ആയിരിക്കുന്നവിധം സ്വീകരിക്കാ നാവുന്ന ദൈവത്തിന്റെ മാറിടമാണ് ഈശോയിൽ ചുങ്കക്കാരും പാപികളും ദർശിച്ചത്. സമൂഹ ത്തിന്റെ മുഖ്യധാരകൾക്ക് അന്യരായിരിക്കുന്നവർക്ക് കടന്നുചെല്ലാനാവുന്ന ദൈവികതയടെ വിശാലമായ തുരുത്തായിരുന്നു ഈശോ. അവരോടൊപ്പം വചനം പങ്കുവയ്ക്കുക, വിരുന്നിനിരി ക്കുക എന്നതാണ് ദൈവപുത്രന്റെ ഭാവം. ലൂക്കാ സുവിശേഷകൻ വിവരണങ്ങളിൽ ഉപയോഗിച്ചി രിക്കുന്ന 'എല്ലാം' എന്ന പ്രയോഗം സവിശേഷമാണ്.ഞങ്ങളെല്ലാം അവന്റെ വാക്കുകളിൽ വിസ്മ യിച്ചു. എല്ലാവരും അവനെ ഉറ്റുനോക്കിക്കൊണ്ടിരുന്നു. എല്ലാവരും അവിടുത്തെ പ്രശംസിച്ചു.

ദൈവത്തിന്റെ മഹിമാവിനെപ്പറ്റി എല്ലാവരും അദ്ഭുതപ്പെട്ടു. എന്നിങ്ങനെ വ്യത്യസ്ത സന്ദർഭങ്ങളിൽ ലൂക്കാ 'എല്ലാം' എന്ന പദം പ്രയോഗിക്കുന്നുണ്ട്. സകലരുമെന്നതിനേക്കാൾ അവ

നെക്കുറിച്ച് കേട്ടവർ, അവനെ മറ്റുള്ളവരാൽ അറിഞ്ഞവർ- പാപികളുടെയും ചുങ്കക്കാരുടെയും ഗണത്തിലുള്ള ഏറെ പേർ-അവനെ വലയം ചെയ്തിരുന്നു എന്നാണ് എല്ലാം വിവക്ഷിക്കുന്നത്. ഈശോ അത്തരക്കാർക്ക് സുഗമ്യനായിരുന്നു എന്നു സാരം. ''കരുണ... കരുണ... കരുണ... അവിടെ കരുണക്കു മാത്രമേ സ്ഥാനമുള്ളൂ'' (ഫ്രാൻസീസ് പാപ്പ). കരുണയെ ആർക്ക് വെടിയാനാകും? ആരാണ് കരുണയാൽ ആകർഷിക്കപ്പെടാത്തത്?

പ്രാന്തത്തിലായിരുന്നവർ കരുണ സ്വീകരിക്കുന്നത് കേന്ദ്രത്തിലുള്ളവർക്ക് പിറുപിറുപ്പിന് ഹേതുവാണ്. ഫരിസേയ നിലപാടിന്റെയും അവരുടെ കാപട്യത്തിന്റെയും വികൃതമുഖമാണ് പിറുപിറുപ്പ്. പാപികൾ കരുണാസാഗരത്തിലണഞ്ഞപ്പോൾ ഫരിസേയരും വേദപണ്ഡിതരും പിറുപിറുപ്പിലേക്ക് കൂപ്പുകുത്തി. നമ്മുടെ ജീവിതനാളുകളുടെയും അവജ്ഞ മുറ്റിയ നിലപാടുകളുടെ സുവിശേഷസാന്നിദ്ധ്യമാണ് ഫരിസേയരും വേദപണ്ഡിതരും. ഉള്ളിന്റെ ഉള്ളിലെ കപടതയാണ് പിറുപിറുപ്പിന്റെ കാരണം. ഉള്ളത്തിലിരിക്കുന്ന വെറുപ്പും അവജ്ഞയും അകത്ത് ഇളകിമറിയുമ്പോഴാണ് പിറുപിറുപ്പ് ആരംഭിക്കുക. വെളിവായി പ്രതിഷേധിക്കാനാവുന്നില്ല. തനിക്ക് തുല്യരുടെ കാതോടുകാതോരം കൈമാറ്റം ചെയ്യുന്ന പ്രക്രിയ ഇന്നും അന്യമായിട്ടില്ല. ഏപ്രിൽ 13 ശനിയാഴ്ച വചനസന്ദേശം നല്കവേ ഫ്രാൻസീസ് പാപ്പ വെളിപ്പെടുത്തുന്നു. ''പ്രശ്നങ്ങൾ ഉദയം ചെയ്യുന്നു, പെരുകുന്നു എന്നു തോന്നിയാൽ പിറുപിറുപ്പ് ആരംഭിക്കുന്നു. ജീവിതം എല്ലായ്പ്പോഴും ശാന്തവും മനോഹരവുമായിരിക്കില്ല. പിറുപിറുപ്പ്-പരസ്പരം കിംവദന്തികൾ പരത്തുക-എന്നത് ഒരിക്കലും പരിഹാരത്തിലെത്തിക്കില്ല''.

പിറുപിറുപ്പിന്റെ നടുവിൽ 15-ാം അദ്ധ്യായത്തിലെ മൂന്ന് ഉപമകൾ-നഷ്ടപ്പെടൽ, അന്വേഷണം, കണ്ടെത്തൽ, ആഘോഷിക്കൽ എന്നീ ഘടകങ്ങളൊത്തിണങ്ങിയവ-ഈശോ അരുൾചെയ്യുന്നു. നൂറ് ആട് ഉണ്ടായിരിക്കെ ഒന്നു നഷ്ടപ്പെട്ടവന്റെ വിഹ്വലതകളും വ്യഗ്രതകളും കണ്ടെത്തിയപ്പോഴുണ്ടായ ആനന്ദപൂർണ്ണിമയുമാണ് ഇന്നത്തെ സുവിശേഷത്തിന്റെ കാമ്പ്. ഒന്നിനുവേണ്ടി ഏറെ ക്ലേശഭരിതമായ അന്വേഷയാത്രയിൽ മുഴുകുന്ന ഇടയന്റെ ഹൃദയോന്നതിയാണ് അവന്റെ വ്യക്തിസത്ത. നഷ്ടപ്പെട്ട ഒന്നിന് ഇടമുള്ള ഹൃദയം-നഷ്ടപ്പെട്ടതിനെ ഹൃദയത്തിൽ നിന്ന് ഇറക്കിവിട്ടിട്ടില്ലാത്ത മൗലികതത്പരത, അതാണ് ഇടയന്റെ ഭാവം. നമ്മുടെ നാളുകളിൽ തൊണ്ണൂറ്റിയൊൻപതും ആലവിട്ടോടിയിരിക്കുന്നു. ഒന്നേ ആലയിലുള്ളൂ എന്ന നൊമ്പരപ്പെടുന്ന വലിയ ഇടയൻ (ഫ്രാൻസീസ് പാപ്പ) നമുക്കുണ്ടായിരിക്കുന്നു.

ആടിനെ കണ്ടെത്തിയത് ഇടയൻ ഹൃദയത്തിൽ നിന്ന് ആടിനെ ഇറക്കി വിട്ടിട്ടില്ലാത്തതിനാലാണ്. ഇടയനെവിട്ടുള്ള ആടുകളുടെ പോക്കിൽ നൊമ്പരപ്പെടുന്ന ഇടയൻ ഇറങ്ങുകയായി. ഹൃദയത്തിൽ വസിച്ചിരുന്നതിനെ കണ്ടപ്പോൾ എടുത്ത് തോളിലേറ്റി വീട്ടിലെത്തി സ്നേഹിതരോടൊപ്പം ആനന്ദിക്കുന്നു. ഇടയന്റെ നഷ്ടത്തിലുള്ള വ്യഥയും കണ്ടെത്തലിലുള്ള ആനന്ദവും

അവന്റെ സമീപവർത്തികളുടേതുമാക്കിത്തീർക്കുന്ന ഈശോയുടെ വചനം സ്വർഗ്ഗത്തിൽ പാപിയുടെ മാനസാന്തരത്തിലുണ്ടാകുന്ന സന്തോഷത്തിലാണവസാനിക്കുക. പാപികളായ നമ്മൾ സ്വർഗ്ഗത്തിൽ സന്തോഷമുണ്ടാക്കണം; ഇടയനോടു ചേർന്നുനില്ക്കണം.

**വിചാരഫലം**

1) ദൈവവചനത്തിലും ഈശോയുടെ ഹൃദയത്തിലും ഇടം കണ്ടെത്തേണ്ടവരാണ് നാമെല്ലാം. ക്രിസ്തീയതയുടെ അരികുകളിൽ നിന്ന് കരുണയുടെ വിശാലസാഗരമായ ഈശോയിലേക്ക് അടുത്തു നില്ക്കാം.

2) പിറുപിറുപ്പുകൾ ആന്തരികതയും കഴമ്പുമുള്ള ജീവിതങ്ങൾക്ക് അനുയോജ്യമല്ല. കിംവദന്തികൾ കേൾക്കാനും പറഞ്ഞുപരത്താനുമുള്ള ഇച്ഛയിൽ നിന്ന് മുക്തരാകാം.

3) വ്യത്യസ്തമായ തുറകളിൽ ഇടയധർമ്മം നമുക്കെല്ലാമുണ്ട്. കാത്തുപാലിക്കപ്പെടേണ്ടവയുടെ നഷ്ടത്തിൽ നൊമ്പരപ്പെടുന്ന ഹൃദയം, പാലിക്കേണ്ടതിനെ പാലിക്കാനാവാതെ വന്നതിൽ ഹൃദയം നുറുങ്ങൽ എല്ലാവരിലും ഉണ്ടാകേണ്ടേ?

4) പാപം വെടിഞ്ഞ് കുമ്പസാരത്തിലൂടെ സ്വർഗ്ഗത്തിൽ സന്തോഷമുണ്ടാകാൻ മടിക്കാതിരിക്കാം.



# സ്വർഗ്ഗീയ സന്തോഷവും ഫരീസേയ രോഷവും

ഫാ. ജോയിസ് കൈതോലിൽ

"കേൾക്കാൻ ചെവിയുള്ളവൻ കേൾക്കട്ടെ" എന്ന ആഹ്വാനത്തോടെയാണ് വി. ലൂക്കായുടെ സുവിശേഷം പതിനാലാം അദ്ധ്യായം അവസാനിക്കുന്നത്. പതിനഞ്ചാം അദ്ധ്യായം ആരംഭിക്കുമ്പോൾ യേശുവിന്റെ ഈ ആഹ്വാനത്തോട് ക്രിയാത്മകമായി പ്രതികരിക്കുന്ന ചുങ്കക്കാരെയും പാപികളെയുമാണ് നമ്മൾ കാണുന്നത് (15,1). "കേൾക്കുക" എന്നത് മാനസാന്തരത്തിന്റെ അടയാളമാണ് (ലൂക്ക 5,1.15; 6,17.27.47.49; 7,29; 9,35). സമൂഹത്തിൽ അസ്പർശ്യരായി ഗണിക്കപ്പെട്ടവരാണ് യേശുവിന്റെ വചനങ്ങൾ കേൾക്കാൻ അവന്റെ അടുത്തെത്തുന്നത്. പിറുപിറുക്കുന്നു എന്ന ആമുഖ പ്രസ്താവനയോടെയാണ് പതിനഞ്ചാം അദ്ധ്യായം ആരംഭിക്കുന്നത്. ഫരിസേയരുടെ "പിറുപിറുപ്പ്" ലൂക്ക 5,30 ലും 19,7ലും നാം കാണുന്നുണ്ട്. മോശയ്ക്കെതിരെയുള്ള ഇസ്രാ

യേൽക്കാരുടെ പിറുപിറുപ്പിന്റെ പശ്ചാത്തലവും ഈ സുവിശേഷഭാഗം മനസ്സിലാക്കാൻ നമ്മെ സഹായിക്കും. (പുറ. 16,2. 7-8). ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ടവർ എന്നവകാശപ്പെടുന്ന ഫരിസേയരും നിയമജ്ഞരും തന്നെയാണ് യേശു പ്രകടിപ്പിക്കുന്ന കാരുണ്യത്തിന്റെയും പാപികളോടുള്ള ഹൃദ്യമായ പെരുമാറ്റത്തിന്റെയും പേരിൽ അസ്വസ്ഥരാകുന്നത്. പഴയനിയമത്തിൽ ദൈവത്തെ ഇസ്രായേലിന്റെ ഇടയനായിട്ടാണ് അവതരിപ്പിച്ചിരിക്കുന്നത്. ‘‘ഇടയനെപ്പോലെ അവിടുന്ന് തന്റെ ആട്ടിൻകൂട്ടത്തെ മേയിക്കുന്നു. അവിടുന്ന് ആട്ടിൻകുട്ടികളെ കരങ്ങളിൽ ചേർത്ത് മാറോടണച്ച് തള്ളയാടുകളെ സാവധാനം നയിക്കുന്നു’’(ഏശയ്യ 40,11). സങ്കീർത്തനങ്ങളിലും (23,1-4; 28,9; 78,52; 80,1; 100,3), പ്രവാസാനന്തര പ്രവാചകരിലും(ജറമിയ 31,10; എസക്കിയ 34,11-22; സക്കറിയ 13,7) ഈ ബിംബം നമ്മൾ കാണുന്നു. ദൈവം മോശയെ നേതാവായി തിരഞ്ഞെടുത്തതിനെക്കുറിച്ച് യഹൂദരുടെയിടയിൽ മനോഹരമായ ഒരൈതിഹ്യമുണ്ട്. മോശ തന്റെ ശ്വശുരന്റെ ആടുകളെ മേയിച്ചു കൊണ്ടിരിക്കുമ്പോൾ ഒരാട് കൂട്ടത്തിൽ നിന്നും ഓടിപ്പോകുന്നു. മോശ അതിനെ പിൻതുടർന്ന് ഓടുകയാണ്. ഒരരുവിയുടെ അടുത്തെത്തിയപ്പോൾ കുഞ്ഞാട് അവിടെ നിന്ന് വെള്ളം കുടിക്കുന്നതാണ് മോശ കാണുന്നത്. മോശ ആടിനോട് പറയുകയാണ് ‘നിനക്ക് ദാഹിച്ചതുകൊണ്ടാണ് നീ ഓടിപ്പോയത് എന്ന് ഞാൻ അറിഞ്ഞില്ല കെട്ടോ. ഇപ്പോൾ നീ വളരെ ക്ഷീണിതയായിരിക്കും.’ ഇത് പറഞ്ഞുകൊണ്ട് കുഞ്ഞാടിനെ തോളിലേറ്റി മോശ തിരിച്ചു നടക്കുകയാണ്. അപ്പോൾ ദൈവം പറഞ്ഞു: ഈ ആട്ടിൻ കുഞ്ഞിനോട് നീ കാണിച്ച കാരുണ്യവും കരുതലുമാണ് എന്റെ ജനത്തെ നയിക്കാൻ നിന്നെ യോഗ്യനാക്കുന്നത്. പുതിയ മോശയായ യേശു അവതരിപ്പിക്കുന്നതും ദൈവത്തിന്റെ ഈ ആഗ്രഹവും കാരുണ്യവുമാണ്. ഓടിപ്പോയതിനെ പിൻതുടർന്ന് കുറ്റപ്പെടുത്തലുകളില്ലാതെ തോളിലേറ്റി തിരിച്ചുകൊണ്ടുവരുന്ന നല്ല ഇടയന്റെ മുഖമാണ് ദൈവത്തിനുള്ളത് എന്ന് യേശു ഈ ഉപമയിലൂടെ വ്യക്തമാക്കുന്നു. നഷ്ടപ്പെട്ടു പോയതിനെ കണ്ടുകിട്ടുമ്പോൾ സന്തോഷിക്കുന്ന ഇടയന്റെ അതേ ഭാവം തന്നെയാണ് ഇവിടെ പ്രകടമാകുന്നത്. ഫരിസേയർ വളരെ പുച്ഛത്തോടെ കണ്ടിരുന്ന പാപികളെയും ചുങ്കക്കാരെയും സ്വീകരിക്കുകയും അവരോടൊപ്പമിരുന്ന് ഭക്ഷിക്കുകയും ചെയ്യുന്ന യേശുവിന്റെ പ്രവൃത്തി അവരോടുള്ള ദൈവത്തിന്റെ കരുണാർദ്രമായ സ്നേഹത്തിന്റെ പ്രകാശനമാണ്.

ഈ ശൈലിയിൽ അമർഷം കൊള്ളുന്നവർദൈവത്തിന്റെ ഇഷ്ടത്തിൽ നിന്നും വളരെ അകലെയാണ്. നഷ്ടപ്പെട്ടതിനെ തിരിച്ചുകിട്ടിയതിലുള്ള സന്തോഷത്തിൽ പങ്കുചേരാനുള്ള ക്ഷണം സ്വീകരിക്കുന്ന ഏതൊരാളും, ദൈവത്തിന്റെ കാരുണ്യത്തിലും പങ്കുചേരണം എന്നൊരു അർത്ഥം ആ വചനത്തിലുണ്ട് എന്നത് വിസ്മരിച്ചുകൂടാ.

ഫരിസേയരുടെയും നിയമജ്ഞരുടെയും ‘നീതി’ സ്വർഗ്ഗത്തിൽ സന്തോഷത്തിന് വക നൽകുന്നില്ലായെന്ന് നാം മനസ്സിലാക്കുന്നു. എന്നാൽ നഷ്ടപ്പെട്ടത് തിരിച്ചുകിട്ടിയതിനെക്കുറിച്ച്

സ്വർഗ്ഗത്തിൽ സന്തോഷിക്കുമ്പോൾ, ഭൂമിയിൽ 'പിറുപിറുക്കുന്ന'വരെ കാണുന്നു. ദൈവം നല്ലവനായിരിക്കുന്നതിൽ സന്തോഷിക്കാൻ പറ്റാത്തവരെക്കുറിച്ച് എന്തു പറയാൻ? ദൈവം എന്നോട് കരുണയോടും മറ്റുള്ളവരോട് കാർക്കശ്യത്തോടുമേ പെരുമാറാവൂ എന്ന് ശാഠ്യം പിടിക്കുന്നവരുടെ മനോഭാവം എത്ര കഷ്ടമാണ്!



# കുടുംബകഥ

ഫാ.ജോർജ് ദാനവേലിൽ

21 വാക്യങ്ങളും 3 കഥാപാത്രങ്ങളും ഉൾക്കൊള്ളുന്നതും വി.ഗ്രന്ഥത്തിൽ വി.ലൂക്കായുടെ സുവിശേഷത്തിൽ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതുമായ ധൂർത്ത പുത്രന്റെ ഉപമ, വിശ്വസാഹിത്യത്തിലെ ഏറ്റവും സുന്ദരമായ കുടുംബകഥ എന്നാണു വിശേഷിപ്പിക്കുക. ഈശോയെ സമീപിച്ച പാപികളോടും, അതിൽ പ്രതിഷേധമുണർത്തിയ ഫരീസയരോടും നിയമജ്ഞരോടുമായാണ് ഈശോ ധൂർത്തപുത്രന്റെ ഉപമ പറയുക. വഴിതെറ്റിപ്പോയവർ യഥാർത്ഥ വഴിയിലേക്കു തിരിച്ചുവന്നാൽ അവരെ സ്വീകരിക്കാൻ പിതാവു സന്നദ്ധനാണെന്നു പാപികളെ ബോദ്ധ്യപ്പെടുത്തുന്നതോടൊപ്പം തങ്ങൾ നല്ലവരാണെന്ന ഫരീസയരുടെയും നിയമജ്ഞരുടെയും മിഥ്യാധാരണ ഈശോ ഈ ഉപമയിലൂടെ കുറ്റപ്പെടുത്തുകയും ചെയ്യുന്നു.

ഈ ഉപമയിലെ പിതാവു ദൈവപിതാവിനെയും മൂത്തപുത്രൻ യഹൂദരെയും ഇളയമകൻ വിജാതീയ ക്രിസ്ത്യാനികളെയും പ്രതിനിധാനംചെയ്യുന്നു എന്നുവ്യാഖ്യാനിക്കുന്ന ചില ബൈബിൾപണ്ഡിതൻമാരുണ്ട്. തെറ്റുചെയ്തു പിതാവിൽനിന്നകന്ന് അവസാനം എല്ലാം നഷ്ടപ്പെട്ടവനായി തിരിച്ചുവരുന്ന ഇളയമകനോടു പിതാവും മൂത്തസഹോദരനും പുലർത്തുന്ന മനോഭാവങ്ങൾതമ്മിലുള്ള വൈരുദ്ധ്യം ഈ ഉപമയിൽ വളരെ ദൃശ്യമാണ്.

ഉപമയിലെ പിതാവു സ്നേഹമുള്ളവനും നല്ലവനുമാണ്. നഷ്ടപ്പെട്ടുപോയ തന്റെ മകൻ തിരിച്ചുവരുമെന്ന പ്രതീക്ഷയിൽ പ്രത്യാശയോടെ വഴിക്കണ്ണുമായി കാത്തിരിക്കുകയാണ്

അദ്ദേഹം. പിതാവിൽ പകയില്ല, പരാതിയില്ല, പ്രതീകാരചിന്തയില്ല. ഉപമയിൽ അവതരിപ്പിക്കുന്ന മൂത്തമകൻ നിയമങ്ങൾ കൃത്യമായി പാലിക്കുന്നവനും കഠിനമായി അദ്ധ്വാനിക്കുന്നവനുമാണ്. എന്നാൽ അവനൊരുകുറവുണ്ട്, അവൻ അകവും പുറവും ഉള്ള മനഷ്യനാണ്. ആത്മാർത്ഥസ്നേഹത്തിനുപകരം സ്നേഹം അഭിനയിക്കുന്നവനാണവൻ. ഉള്ളിലുള്ളതുമറച്ചുവച്ചു മാന്യനെപ്പോലെ പെരുമാറാൻ ശ്രമിക്കുകയാണയാൾ. ഉപമയിലെ ഇളയ മകൻ ജീവിതം, അത് ആസ്വദിക്കാനുള്ളതാണ് എന്നു കരുതുന്നവനും ആർക്കും വിധേയപ്പെടാൻ തയ്യാറില്ലാത്തവനുമാണ്. എന്നാൽ ഇവൻ ശുദ്ധനും നിഷ്കളങ്കനുമാണ്; തെറ്റുസംഭവിച്ചു എന്നു ബോദ്ധ്യം വന്നപ്പോൾ അതിൽ പശ്ചാത്താപം പ്രകടിപ്പിച്ചു ക്ഷമ ചോദിക്കാൻ ഈ മകൻ തയ്യാറാകുന്നു. ദൈവശാസ്ത്രപരമായി പിതാവിന്റെ വാത്സല്യം തന്നെയാണ് ഉപമയുടെ പ്രതിപാദ്യവിഷയം. ഇളയ മകനോടുള്ള പിതാവിന്റെ സ്നേഹവും കരുണയും അർഹിക്കാത്തതും അപ്രതീക്ഷിതമായിട്ടുള്ളതുമാണ്. എല്ലാം ധൂർത്തടിച്ചു നശിപ്പിച്ച പുത്രനോടു പിതാവു യാതൊന്നും ചോദിക്കുകയോ കുറ്റപ്പെടുത്തുകയോ ചെയ്യുന്നില്ല എന്നുമാത്രമല്ല അവനായി സദ്യയൊരുക്കുകയും സമ്മാനങ്ങൾ വാരിവിതറുകയും ചെയ്യുന്നു. ഇവിടെയാണ് പിതാവിന്റെ സ്നേഹം വ്യക്തമാവുക. ഈ മനോഭാവമാണ് ഇന്നു നമുക്ക് ഉണ്ടായിരിക്കേണ്ടതും.

ഉപമയുടെ രണ്ടാം ഭാഗം മൂത്തമകന്റെ മനോഭാവം വ്യക്തമാക്കുന്നു. മൂത്തമകൻ നല്ല അദ്ധ്വാനി ആയിരുന്നിരിക്കണം. കാരണം തന്റെസഹോദരൻ തിരിച്ചു വന്നപ്പോൾ അയാൾ വയലിൽ ആയിരുന്നു പക്ഷെ വയലിൽ നിന്നും തിരിച്ചുവന്ന മൂത്തമകൻ വീട്ടിൽ കയറാൻ വിസമ്മതിക്കുകയാണ്. തന്റെ ഇളയപുത്രൻ തിരിച്ചുവന്നതിൽ സന്തോഷിക്കുന്ന പിതാവ്, പക്ഷെ ആ പിതാവിനൊപ്പം സന്തോഷത്തിൽ പങ്കുചേരാൻ മൂത്തമകനു സാധിക്കുന്നില്ല. ശാരീരികമായി പിതാവിന്റെ കൂടെയാണെങ്കിലും മാനസികമായി പിതാവിൽനിന്ന് ഏറെ അകലെയാണീമകൻ. തങ്ങൾ ദൈവത്തിന്റെ കൂടെയാണ് എന്നുകരുതിയിരുന്ന ഫരിസേയർക്കും നിയമജ്ഞർക്കും സംഭവിച്ചതും ഇതുതന്നെയാണ്. തങ്ങളുടെ ആഢ്യത്വത്തിൽ അഭിമാനിച്ചിരുന്ന ഇവരെനോക്കിയാണ് ഈശോ പറയുക, നിങ്ങൾക്കുമുമ്പേ ചുങ്കക്കാരും പാപികളും സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കും എന്നു സത്യമായി ഞാൻ നിങ്ങളോടു പറയുന്നു എന്ന്. പിതാവിനോടു പരാതിപറയുന്ന മൂത്തമകനെയാണു സുവിശേഷത്തിൽ നാം കാണുക. കൂട്ടുകാരോടൊത്ത് ആഹ്ലാദിക്കാൻ ഒരാട്ടിൻകുട്ടിയെപ്പോലും തന്നില്ല എന്നാതാണ് പരാതി. ഇതിനു മുമ്പൊരിക്കലും ഈ ആഗ്രഹം അയാൾ ഉന്നിച്ചതായി ഉപമയിൽ നാം കാണുന്നില്ല. ഉള്ളിന്റെയുള്ളിൽ ഈ ആഗ്രഹം ഉണ്ടായിരുന്നിരിക്കണം. പക്ഷെ അതു മറച്ചുവച്ചാണയാൾ ജീവിച്ചത്. ആഗ്രഹങ്ങൾ മറച്ചുവച്ചു കപടതയിൽ ജീവിക്കുന്ന മനുഷ്യരെ ഇന്നും നാം കണ്ടുമുട്ടും. ഇവർ ഒരിക്കലും സംതൃപ്തരല്ല. ദൈവത്തെക്കുറിച്ചും സഹോദരങ്ങളെക്കുറിച്ചും പരാതിയുള്ളവരാണിവർ. തന്നെത്തന്നെ

നീതികരിച്ചു സംസാരിക്കുകയാണു മൂത്തമകൻ. എത്രവർഷമായി ഞാൻ നിനക്കു ദാസ്യവേല ചെയ്യുന്നു, ഒരിക്കലും നിന്റെ കല്പന ലംഘിച്ചിട്ടില്ല, ഇങ്ങനെ പോകുന്ന നീതികരണങ്ങൾ. ഇത്തരം മനുഷ്യരെക്കുറിച്ചാണ് ഈശോ ഫരിസേയന്റെയും ചുങ്കക്കാരന്റെയും ഉപമയിൽ വിശദീകരിക്കുക. ആ ഉപമയുടെ അവസാനം ഈശോ പറഞ്ഞു, തന്നെത്തന്നെ താഴ്ത്തുന്നവൻ ഉയർത്തപ്പെടുകയും തന്നെത്തന്നെ ഉയർത്തുന്നവൻ താഴ്ത്തപ്പെടുകയും ചെയ്യും. പക്ഷെ ഇതു പലപ്പോഴും മനുഷ്യൻ മറന്നുപോകുന്നു. തിരിച്ചുവന്ന തന്റെസഹോദരനെ സഹോദരനായി കാണാൻ പോലും മൂത്തമകനു സാധിക്കുന്നില്ല. നിന്റെ ഈ മകൻ എന്നാണു തന്റെ ഇളയ സഹോദരനെ മൂത്തമകൻ പിതാവിന്റെ മുമ്പിൽ വിശേഷിപ്പിക്കുക. സ്വന്തംസഹോദരൻ തെറ്റുകൾക്കെല്ലാം മാപ്പു ചോദിച്ചു തിരിച്ചുവന്നാൽപ്പോലും സഹോദരനായി അവനെ സ്വീകരിക്കാൻ കഴിയാത്ത മാനസിക അവസ്ഥയിലാണിയാൾ. ഇത്തരംമനോഭാവം പുലർത്തുന്നവരെ നാം കണ്ടുമുട്ടിയെന്നുവരാം. പലരോടും സ്വന്തം സഹോദരങ്ങളോടുപോലും ക്ഷമിക്കാൻ സാധിക്കാത്ത മനുഷ്യർ! മാത്രമല്ല തന്റെ സഹോദരനെതിരെ വലിയൊരു കുറ്റാരോപണവും അയാൾ നടത്തുകയാണ്. വേശ്യകളോടു ചേർന്നു സ്വത്തെല്ലാം ധൂർത്തടിച്ചു എന്ന്. എവിടെ നിന്നാണു മൂത്തമകന് തന്റെ സഹോദരനെക്കുറിച്ചുള്ള ഈ അറിവ് ലഭിച്ചത്? കാണാത്ത കാര്യങ്ങൾ ഊഹിച്ചു നിരത്തുകയാണ്. വ്യക്തമായി തങ്ങൾക്ക് അറിയില്ലാത്ത കാര്യങ്ങൾപോലും തങ്ങൾക്കെല്ലാം അറിയാം എന്ന മട്ടിൽ മറ്റുള്ളവരുടെ മേൽ ആരോപിക്കുന്നു. ഇതിനെയല്ലേ നാം സാധാരണ പരദൂഷണം, ഏഷണി എന്നെല്ലാം പറയുക?

പിതാവിന്റെ സ്വത്ത് ധൂർത്തടിച്ച ഇളയമകനോടു ക്ഷമിക്കാൻ പിതാവിനു സാധിച്ചു. എന്നാൽ തന്റെപിതാവിന്റെ സ്വത്ത് ധൂർത്തടിച്ച തന്റെസഹോദരനോടു ക്ഷമിക്കാൻ മൂത്തമകനു സാധിക്കുന്നില്ല, സ്വത്ത് അവന്റേതുപോലുമല്ല, പിതാവിന്റേതാണ്. തങ്ങളോടുപോലുമല്ല തങ്ങളുടെ പൂർവ്വികരിലാരോടൊചെയ്ത ചില തെറ്റുകളുടെ പേരിൽപ്പോലും ഇന്നും പലർക്കും പലരോടും ക്ഷമിക്കാൻ സാധിക്കുന്നില്ല. ധൂർത്ത പുത്രന്റെ ഉപമ അവസാനിക്കുമ്പോൾ നാം കാണുന്ന ചിത്രം, അതുവരെ പുറത്തായിരുന്ന ഇളയമകൻ അകത്തുകടന്നു പിതാവിന്റെ സ്നേഹം അനുഭവിക്കുന്നതും അതുവരെ അകത്തായിരുന്ന മൂത്തമകൻ പിതാവിനോടു കോപിച്ചു പരാതിപറഞ്ഞു പുറത്തു നില്ക്കുന്നതുമാണ്. ഇതു വളരെ ദാരുണമായ ചിത്രമാണ്. നല്ലവരെന്നു ഭാവിക്കുകയും, പൊതുവെ കരുതപ്പെടുകയും ചെയ്യുന്ന പലരും നിർണ്ണായക സമയംവരുമ്പോൾ പുറത്തു നില്ക്കേണ്ടിവരികയും പാപികളെന്നു മുദ്രകുത്തപ്പെട്ടവർ അകത്തു കടന്നു സന്തോഷമനുഭവിക്കുകയും ചെയ്യുന്ന പരിതാപകരമായ അവസ്ഥ.

മാനസാന്തരത്തിന്റെ പ്രാധാന്യവും ഈ ഉപമ എടുത്തു കാണിക്കുന്നു. കഠിനപാപികളെന്നു കരുതപ്പെടുന്നവർക്ക് ദൈവകാരുണ്യത്തിലാശ്രയിച്ചു മാനസാന്തരപ്പെട്ടു ദൈവഭവനത്തിലേക്കുവ

രാൻ എളുപ്പമാണ്. എന്നാൽ സ്വയം നീതിമാൻമാർ എന്നു കരുതുന്നവർക്കു ദൈവഭവനത്തിനു പുറത്തു നില്ക്കേണ്ട ഗതികേടാണ് ഉണ്ടാവുക എന്ന് നമുക്കു മറക്കാതിരിക്കാം.

ഈ കുടുംബകഥയിലെ വ്യക്തികൾക്കാർക്കും പേരില്ല. മൂന്നു കഥാപാത്രങ്ങളുടെയും പ്രതികരണങ്ങളിൽ നിന്ന് ഇവരിൽ ആരുടെ ജീവിതവുമായാണ് നമ്മുടെ അനുദിനജീവിതം പൊരുത്തപ്പെടുന്നത് എന്നു പരിശോധിക്കുകയും ആവശ്യമായ തിരുത്തലുകൾവരുത്തി ആരാധനാക്രമവത്സരത്തിലെ ഈ കൈത്താക്കാലത്തിൽ, ഫലാഗമക്കാലത്തിൽ, ഫലം പുറപ്പെടുവിക്കുന്നവരാകുക ഇതാണ് ഇന്നു നമ്മോടു സഭ ആവശ്യപ്പെടുന്നത്.

**SMCC-VACHANAVEDI http://www.syromalabarcatechesis.org**